# ആമുഖം

അറിവ് അഗ്നിയാണ് ! ജീവിതത്തിന്റെ ഉയർച്ച താഴ്ചകളിൽ പ്രകാശം പരത്തുന്ന ദിവ്യജ്യോതിസ്സാണത്. മനുഷ്യ ജീവിതചക്രത്തിൽ ജനനം മുതൽ മരണംവരെയുള്ള ജീവിത പ്രക്രിയയിൽ അറിവിന് ശ്രേഷ്ഠമായ സ്ഥാനമാണ് നല്കിയിരിക്കുന്നത്.

വ്യക്തിയിൽ തുടങ്ങി സമൂഹത്തിലൂടി അറിവിന്റെ വെളിച്ചം പകർന്ന്, അനന്തമായ വിഹായസ്സിൽ സ്വതന്ത്രരാവുക എന്നത് വ്യക്തിമഹത്വം വർദ്ധിക്കുന്നതിന് കാരണമാകുന്നു.

മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുന്നതിന്റെ മുഖ്യഘടകം അറിവും അനുഭവവുമാണ്. ഓരോവ്യക്തിയെയും സമൂഹത്തിന് കൊള്ളാവുന്നവരാക്കുക എന്ന ലക്ഷ്യം കൂടി അറിവിനുണ്ട്. ഉദാത്തമായ സാമൂഹ്യനിർമ്മിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസം സാക്ഷാത്ക്കരിക്കുന്നതിലൂടെ ഓരോ വ്യക്തിയും സ്വതന്ത്രരാവുന്നു.

കേരളം വിദ്യാഭ്യാസരംഗത്ത്, ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച്, ലോകത്തിന്തന്നെ മാതൃകയായിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാഭ്യാസരംഗത്ത് അനുഗുണമായ പല മാറ്റങ്ങളും നടപ്പിലാക്കുന്നു. കേരളത്തിലെ ഓരോ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രമായിമാറിക്കൊണ്ടിരിക്കുന്നു. മികച്ച പഠനസംവിധാനങ്ങൾ വിദ്യാഭ്യാസ മേഖലൽ പുത്തൻ ഉണർവ്വേകുന്നു.

പഠനത്തോടൊപ്പം, കല-കായിക സാമൂഹ്യ-ശാസ്ത്ര മേഖലകളിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നതിനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു. സാമൂഹ്യബോധവും, നീതിയുക്തദർശനവും കുട്ടികളിൽ വളരുന്നതിന് ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.



# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂജില്ല | : | കോട്ടയം |
| സ്കൂൾകോഡ് | : | 33048 |
| സ്കൂളിന്റെ പേര് | : | ഗവ.എച്ച്.എസ്.എസ്. കുടമാളൂർ |
| മേൽവിലാസം | : | ഗവ.എച്ച്.എസ്.എസ്. കുടമാളൂർ |
| | | കോട്ടയം |
| പിൻകോഡ് | : | 686 017 |
| ഇ-മെയിൽ അഡ്രസ്സ് | : | ghsskudamaloor@gmail.com |
| ഗ്രമപഞ്ചായത്ത് | : | അയ്മനം |
| വിദ്യാഭ്യാസജില്ല | : | കോട്ടയം |
| സബ്ജില്ല | : | കോട്ടയം വെസ്റ്റ് |
| ക്ലാസ്സുകൾ | : | 5-10 |
| മാനേജ്മെന്റ്/ഗവ: | : | ഗവൺമെന്റ് |
| പഠനമാധ്യമം | : | ഇംഗ്ലീഷ്, മലയാളം |

കോട്ടയം ജില്ലയുടെ വടക്കുഭാഗത്തിനോട് ചേർന്ന്, അയ്മനം ഗ്രാമപഞ്ചായത്തിൽ, കുടമാളൂർ കരയിലാണ് ഗവ. എച്ച്. എസ്. എസ്. കുടമാളൂർ സ്ഥിതി ചെയ്യുന്നത്.

## സ്കൂൾ ചരിത്രം

തിരുവിതാംകൂർ ഭരിച്ചിരുന്ന ഒരു രാജാവായിരുന്നു ആയില്യംതിരുനാൾ രാമവർമ്മ മഹരാജാവ്. 1860 മുതൽ 1880 വരെയായിരുന്നു ഇദ്ദേഹത്തിന്റെ ഭരണകാലഘട്ടം. രാമവർമ്മരാജാവിന്റെ കാലത്ത് രാജ്യത്തെക്കെ നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്നു. 1864-ൽ വി എം സ്കൂൾ എന്ന പേരിൽ മഹാരാജവ് സ്ഥാപിച്ച എൽ പി സ്കൂൾ ആയും, പിന്നീട് ഹൈസ്കൂൾ ആയും വിപുലപ്പെട്ടുത്തി. 1998-ൽ ഹയർ സെക്കണ്ടറി ആരംഭിച്ചു.

ഒന്നര നൂറ്റാണ്ടോളം പഴക്കമുള്ള കോട്ടയം ജില്ലയിലെ അയ്മനം പഞ്ചായത്തിലെ ഏക ഹയർ സെക്കണ്ടറി സ്കൂളാണ് ഗവ. ഹയർ സെക്കണ്ടറിസ്കൂൾ കുടമാളൂർ. ക്രിസ്തുവർഷം 1864-ൽ ആയില്യംതിരുനാൾ മഹരാജാവിന്റെകാലത്ത് ഒരു കുടിപ്പള്ളിക്കൂടം എന്ന പേരിൽ തുടങ്ങിയതാണ് ഈ സ്ഥാപനം.

## സ്ഥലചരിത്രം

കുടങ്ങൾ ധാരാളമായി നിർമ്മിച്ചിരുന്ന ഊരിനെ കുടമാളൂർ എന്നും, അതല്ല, തെക്കുംകൂർ രാജാവിന്റെ അനുമതിയോടെ കൊട്ടുവാൾ കൊണ്ട് വനം

വെട്ടിത്തെളിച്ചുണ്ടാക്കിയ നാടാണ് കൊടുവാളൂർ എന്നും ആ പദം ലോപിച്ച് കുടമാളൂർ ആയെന്നും രണ്ടഭിപ്രായമുണ്ട്.

ഡോ. എം. എസ്. നാരായണൻ (എസ് ബി ടി മാനേജർ ) പുല്ലാങ്കുഴൽ വിദ്വാൻ ഡോ. കുടമാളൂർ ജനാർദ്ദനൻ, ഡോ. മുരാരി, പ്രശസ്ത സിനിമാനടൻ ശ്രീ. വിജയരാഘവൻ തുടങ്ങിയവർ ഈ വിദ്യാലയത്തിന്റെ അഭിമാനഭാജനങ്ങളുടെ നിരയിൽ വരുന്നു.

## ഭൗതികസാഹചര്യങ്ങൾ

അമ്പത് വർഷത്തിനടുത്ത് പഴക്കമുള്ള കടമാളൂർ ഗവ.ഹയർസെക്കണ്ടറിസ്കൂൾ, അയ്മനം പഞ്ചായത്തിലെ ഏക സർക്കാർസ്കൂളാണ്. ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 300 ൽ അധികം കുട്ടികൾ പഠിക്കുന്നു. വിദ്യാഭ്യാസത്തിലും, കല, കായിക, സാഹിത്യം തുടങ്ങിയ സർഗ്ഗാത്മ മേഖലകളിൽ ഉന്നത നിലവാരം പുലർത്തുന്ന സ്കൂളാണിത്. ഭൗതികസാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതായുണ്ട്.

ജില്ലാപഞ്ചായത്ത് പുതുക്കിനല്കിയ കെട്ടിടങ്ങളിലും, പഴയ കെട്ടിടങ്ങളിലുമായി ലാബും, കമ്പ്യൂട്ടർ ലാബും, ലൈബ്രറിയും, ഓഫീസ് മുറികളും പ്രവർത്തിച്ചുവരുന്നു. ഒമ്പത് സ്ഥിരം അധ്യാപകരും (എച്ച് എം ഉൾപ്പെടെ), 4 ഓഫീസ് സ്റ്റാഫുകളും, സ്കൂളിന്റെ ഭാഗമായി സ്കൂൾ കൗൺസിലറും പ്രവർത്തിച്ചുവരുന്നു. ക്ലബ്ബിംഗ്- ലൂടെ 2 അധ്യാപകരും പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി നിയമിച്ച 2 സ്പെഷ്യൽ അധ്യാപകരും സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

# അക്കാദമിക നേട്ടങ്ങൾ – പ്രവർത്തനങ്ങൾ

കോട്ടയം ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് ഗവ. എച്ച് എസ് എസ് കുടമാളൂർ. കഴിഞ്ഞവർഷങ്ങളിലായി, തുടർച്ചയായി എസ് എസ് എൽ സി പരീക്ഷയിൽ മികച്ച വിജയം നേടി, ജില്ലയിലെ ഗവ സ്കൂളുകളിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ സാധിച്ചു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നല്കി, കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ച് വിജയത്തിലേക്ക് നയിക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി, മികച്ചവിജയം നേടാനുള്ള പ്രേരകശക്തിയായി ക്ലാസ്സുകൾ മാറുന്നു. ഹൈസ്കൂൾ ക്ലാസ്സുകൾ എല്ലാംതന്നെ ഹൈടെക് ക്ലാസ്സുകളായി മാറി. കമ്പ്യൂട്ടർലാബ്, സയൻസ് ലാബ്, സ്പോർട്സ് വിഭവങ്ങൾ, കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്കൂൾ ലൈബ്രറി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ശ്രദ്ധ ഉൾപ്പെടെയുള്ള പരിശീലനക്ലാസ്സുകൾ, ഇവ ചിട്ടയായി നടത്തിവരുന്നു.

ജെ ആർ സി, മാലിന്യമുക്ത നവ കേരളം, ലഹരിവിരുദ്ധ ക്ലാസ്സുകൾ, വിദ്യാരംഗം സാഹിത്യവേദി, സ്റ്റുഡൻസ് സേവിംഗ് സ്കീം, ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നു.

# ദിനാചരണങ്ങൾ

നിർദ്ദിഷ്ട ദിനാചരണങ്ങൾ എല്ലാംതന്നെ സ്കൂളിൽ കൃത്യമായി നടപ്പിലാക്കാറുണ്ട്. ദിനാചരണത്തിലൂടെ, അതിലെ പ്രവർത്തനങ്ങളിലൂടെ, വിദ്യാർത്ഥികളുടെ സാമൂഹിക, വൈജ്ഞാനിക മേഖലകളെ ഉണർത്തുന്ന മികച്ച പ്രവർത്തനങ്ങൾ നടത്താറുണ്ട്.

പരിസ്ഥിതിദിനം, വായനദിനം, യോഗാദിനം, ഹിരോഷിമ ദിനം, നാഗസാക്കി ദിനം, ഇന്ത്യൻ സ്വാതന്ത്ര്യ ദിനം, -തുടങ്ങിയ എല്ലാ ദിനാചരണങ്ങളും അതാതിന്റെ പ്രധാന്യം ഏറെ പുലർത്തിക്കൊണ്ടുതന്നെ ആചരിച്ചു വരുന്നു.

## ഉച്ചഭക്ഷണ പദ്ധതി

പി എം പോഷൺ പദ്ധതി വളരെ കാര്യമായി, കൃത്യനിഷ്ഠയോടെ മികച്ചരീതിയിൽ പ്രവർത്തിക്കുന്നു. ഭക്ഷണം പാകം ചെയ്യുന്നതിന് ആളുണ്ട്. പാചകപ്പുര, സംഭരണപ്പുര, കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനായി ഡൈനിംഗ്റൂം, ജലലഭ്യത-തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ നിലവിലുണ്ട്.

കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉറപ്പുവരുത്താറുണ്ട്. പാൽ, മുട്ട തുടങ്ങിയ വിഭവങ്ങൾ കുട്ടികൾക്ക് നല്കുന്നുണ്ട്. ഉച്ചഭക്ഷണ പദ്ധതിക്ക് ചാർജ്ജുള്ള അധ്യാപികയുടെ നേതൃത്വത്തിൽ, ചിട്ടയോടെയും, സമയനിഷ്ഠയോടെയും ഉച്ചഭക്ഷണ പദ്ധതി മികച്ചരീതിയിൽ പ്രവർത്തിക്കുന്നു.

# അക്കാദമികവും ഭൗതികവുമായി മെച്ചപ്പെടുത്തേണ്ട മേഖലകൾ

1. ഭാഷാശേഷി - എഴുത്ത് - വായന -ആവിഷ്കാരം
2. ശാസ്ത്ര – ഗണിത ശേഷി വികസനം
3. സയൻസ് ലാബ് പരിഷ്കരണം
4. ഐ.ടി. ലാബ് നവീകരണം -ഇൻവെട്ടർ, ലാപ്ടോപ്
5. ലൈബ്രറിയുടെ നവീകരണം - ബുക്ക് റാക്കുകൾ/അലമാരകൾ
6. സ്കോളർഷിപ്പ് പരിശീലനങ്ങൾ
7. കലാ - കായിക ശാക്തീകരണ പരിശീലനം
8. ദിനാചരണങ്ങൾ അർത്ഥവത്താക്കുന്ന സ്കൂൾ തല പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
9. ക്ലാസ്സ് പി ടി എ യുടെ കൂട്ടായ്മ, ഇടപെടൽ ഉറപ്പുവരുത്തുക
10. പ്രവൃത്തി പരിചയ പരിശീലനം
11. സ്കൂൾതല മേളകൾ സംഘടിപ്പിക്കൽ.
12. അവശേഷിക്കുന്ന യു.പി. ക്ലാസ്സുകൾ കൂടി ഹൈടെക് ആക്കുക.
13. നിലവിലെ സെമിനാർ ഹാളിന്റെ നവീകരണം.

14. കലാ ,കായിക, വർക്ക് അധ്യാപകരുടെ ലഭ്യത എല്ലാ പ്രവർത്തി ദിവസങ്ങളിലും സാധ്യമാക്കുക.

15. സ്വപ്ന സാഫല്യമായി അവശേഷിക്കുന്ന, എല്ലാ ആധുനിക സൗകര്യങ്ങളോട് കൂടിയ സ്കൂൾ കെട്ടിടം,

16. എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള അടുക്കള, ഡൈനിംഗ് ഹോൾ,

17. ആധുനിക സൗകര്യങ്ങളോടുകൂടിയ ശുചിമുറി.

18. എല്ലാ നൂതന സൗകര്യങ്ങളോടും കൂടിയ സിക്ക് റൂം

19. പഞ്ചായത്തിന്റെ ഇടപെടൽ, ആവശ്യമായ സഹായങ്ങൾ, ഉറപ്പാക്കുക.

## അക്കാദമിക പ്ലാൻ - Short Term - Malayalam

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test (2-6-17) | 2 months | പുസ്തകങ്ങൾ | BRC |
| | | 2. അക്ഷരം ഉറപ്പിക്കൽ | Aug-Sept | | DIET |
| | | 3. അടയാളം ഉറപ്പിക്കൽ | | | SCERT |
| | | 4. അക്ഷരകാർഡ് നൽകൽ | | C.D | P.T.A |
| | | 5. വാക്കുകൾ എഴുതിയ കാർഡ് | | | |
| | | 6. വാക്കുകൾ നിർമ്മിക്കുക | | | |
| | | 7. വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | 8. ചിത്രം - അടിക്കുറിപ്പ് | | | |
| | | 9. ചിത്രം - കഥപറയൽ | | | |
| | | 10. ചിത്രം - കഥ എഴുതൽ | | | |
| | | 11. കഥ - ബാക്കി എഴുതൽ | | | |
| | | 12. കഥാപുസ്തകം നൽകൽ | | | |
| | | 13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | | | |
| | | 14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | BRC<br>IED<br>Trainer<br>P.T.A |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 months | ക്ലാസ് ലൈബ്രറി | BRC |
| | | 2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | | DIET |
| | | 3. സ്കൂൾ ലൈബ്രറി നവീകരിക്കൽ | | സ്കൂൾ ലൈബ്രറി | SCERT |
| | | 4. സമീപ ഗ്രന്ഥശാല അംഗത്വം | | ഗ്രന്ഥശാല | ഗ്രന്ഥശാല |
| | | 5. വായനോത്സവം സംഘടിപ്പിക്കൽ | | പത്രങ്ങൾ | P.T.A |
| | | 6. പത്രവായന | | | |
| | | 7. അമ്മ വായന | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | |
| | | 8. പുസ്തകചർച്ച | | | |
| | | 9. വായനാനുഭവം പങ്കുവയ്ക്കൽ | | | |
| | | 10. വായനാക്കുറിപ്പ് പതിപ്പ് | | വായനാമുറി | |
| | | 11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ | | | |
| | | 12. സ്കൂൾ സഭ, ബാലസഭ | | | |
| | | 13. ദിനാചരണങ്ങൾ | | | |
| | | 14. ആകാശവാണി ക്ലബ്ബ് | | | |
| | | 15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | | | |
| | | 16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | BRC |
| | | 17. ആസ്വാദകരമായ വായന | | | |
| | | 18. വായനാസാമഗ്രികൾ വികസിപ്പിക്കൽ | | | |
| | | 19. ഇ-വായന | | ഇന്റർനെറ്റ് | |
| | | 20. പുസ്തകം ഒരുക്കൽ (UP വായന | | കമ്പ്യൂട്ടർ | |
| | | 21. വായനക്കൂട്ടം-മോണിറ്ററിംഗ് | | | |
| | | 22. കാവ്യക്കൂട്ടം | | | |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാര-നാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം | 6 months | | |
| | | 2. പുസ്തകചർച്ച | | | |
| | | 3. ക്ലാസ് ലൈബ്രറി | | ലൈബ്രറി | |
| | | 4. വായനക്കുറിപ്പ് പതിപ്പ് | | | BRC DIET |
| | | 5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം | | | |
| | | 6. വിവിധ സാഹിത്യ ശാഖകൾ പരിചയ-പ്പെടൽ | | | |
| | | 7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ | | | SCERT P.T.A |
| | | 8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | | പുസ്തകങ്ങൾ | |
| | | 9. എഴുത്തുകൂട്ടം മോണിറ്ററിംഗ് | | | |
| | | 10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് | | | |
| | | 11. ബാലസഭ | | | |
| | | 12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | | | |
| | | 13. വ്യക്തിഗത രചന സംഘ രചന | | | |
| | | 14. ഭാഷാ പ്രോജക്ട് | | | |
| | | 15. സാഹിത്യകാരന്മാരു-മായുള്ള സംവാദം, അഭിമുഖം | | | |
| | | 16. രചയിതാക്കളെ പരിചയപ്പെടൽ | | ജീവചരിത്ര പുസ്തകങ്ങൾ | BRC |
| | | 17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | Auditorium | ഗ്രന്ഥശാല ഫോട്ടോകൾ പുസ്തകങ്ങൾ | ജനപ്രതിനിധി P.T.A Teachers |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാ നൽകൽ | ആഴ്ചയിൽ ഒരുദിനം ഇംഗ്ലീഷിൽ അസംബ്ലി | ആഴ്ചയിൽ ഒരു പ്രാവശ്യം | | ഇംഗ്ലീഷ് ടീച്ചർ ഇംഗ്ലീഷ് ക്ലബ്ബ്. |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുക | വീട്ടിലെയും വിദ്യാലയത്തി ലെയും ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | എല്ലാ ദിവസവും | | ഇംഗ്ലീഷ് ടീച്ചർ or ക്ലാസ്സ് ടീച്ചർ |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടിയെടുക്കൽ | ഭിന്ന നിലവാരക്കാരായ കുട്ടി കൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപക രുടെ നതൃത്വം. | വർഷത്തിൽ 2 പ്രാവശ്യം | 1,000/- | ഇംഗ്ലീഷ് ടീച്ചർ or SRG |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|
| ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കുക. | കാർഡുകളുടെ സഹായത്തോടെ വാക്കുകളും വാക്യങ്ങളും എഴുതുന്നു | 2 മാസം | | ഹിന്ദി അധ്യാപകൻ |
| വിവിധ ദിനാചരണങ്ങൾ<br>പരിസ്ഥിതി ദിനം<br>പ്രേംചന്ദ് ദിനം | പോസ്റ്റർ നിർമ്മാണം, പ്രദർശനം<br>പ്രേംചന്ദ് രചനകളുടെ പ്രദർശനം<br>വായനാക്കുറിപ്പ് അവതരണം. | 1 വർഷം | സ്റ്റാഫ് ഫണ്ട് 500/- | അധ്യാപകൻ |
| കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക. | ഹിന്ദി അസംബ്ലി | 1 വർഷം | | ക്ലബ്ബ് അധ്യാപകൻ |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ [ഗ്ലോബ്, മാപ്പ്, അറ്റ്ലസ് എന്നിവ ഉൾപ്പെടുത്തി] | വർഷത്തിൽ ഒരു പ്രാവശ്യം | 2,000/- [PTA] | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുന്നു. | വർഷത്തിൽ ഒന്ന് | | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, അധ്യാപിക. |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ. | വർഷത്തിൽ ഒന്ന് | 10,000/- കുട്ടികളുടെ രക്ഷ കർത്താക്കളും അധ്യാപകരും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ICT സാധ്യത | Sun clock, time, seasonal changes etc. | മാസത്തിൽ 2 പ്രാവശ്യം | | അധ്യാപിക |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ നടത്തി കുറിപ്പുകൾ തയ്യാറാക്കൽ. | എല്ലാ മാസത്തിലും | | സയൻസ് അധ്യാപിക |
| ജൈവ വൈവിധ്യം തിരിച്ചറിയുക | ജൈവ വൈവിധ്യ ഉദ്യാനം തയ്യാറാക്കൽ | 1 വർഷം | 8,000/- | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര പഠന നേട്ടം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | ഭിന്നശേഷിക്കാർക്ക് പ്രയോജന പ്പെടുന്ന തരത്തിൽ വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | 1,000/- PTA | അധ്യാപിക സയൻസ് ക്ലബ്ബ് |
| ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ആഴ്ചയിൽ 2 പ്രാവശ്യം | | സയൻസ് അധ്യാപിക |
| ശാസ്ത്രപഠനത്തിൽ സയൻസ് ലാബ് പ്രയോജനപ്പെടുത്തുന്നു | പാഠഭാഗങ്ങളിലെപരീക്ഷണങ്ങൾ സയൻസ് ലാബിൽവച്ച് ചെയ്യുന്നു. | ആഴ്ച്ചയിൽ 3 പ്രാവശ്യം | | സയൻസ് അധ്യാപിക |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്ക് | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് | ഓരോ ടേമിലും | 3,000/- മുൻ അധ്യാപക വിദ്യാർത്ഥികളിൽ നിന്ന് | SRG സബ്ജക്ട് കൗൺസിൽ |
| ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുക. | ഗണിത ക്വിസ് കണക്കിലെ കളികൾ പസിൽസ് എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ഓരോ മാസത്തിലും | | ഗണിത ക്ലബ്ബ് |
| ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി അനുരൂപീകരണ സാധ്യതകൾ | കളികളിലൂടെ ഗണിതം പരിചയപ്പെടുത്തൽ | ജൂൺ-മാർച്ച് | 500/- | ഗണിതാധ്യാപിക സ്പെഷ്യൽ ടീച്ചർ |